

# ഫാ. ജോസഫ് പുല്ലോപ്പിള്ളിൽ സി. എം. ഐ
## (1936 - 2024)

| | | |
|---|---|---|
| *ജനനം* | : | *14-01-1936* |
| *ആദ്യ വ്രതം* | : | *16-05-1960* |
| *തിരുപ്പട്ടം* | : | *17-05-1970* |
| *മരണം* | : | *20-07-2024* |

*'തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്' - (സങ്കീ: 116 / 15)*

ജീവിതത്തിന്റെ ധന്യത അഴകുള്ള ആത്മാവിലാണെന്ന ദർശനത്തോടെ ജീവിച്ച്, സന്യാസപൗരോഹിത്യമെന്ന മഹോന്നതദാനം സുകൃത സമ്പന്നമാക്കി ക്രിസ്തുവിന്റെ പരിമളമായി മാറിയ, 'ആലുവായിലെ വിയാനി' എന്ന് അറിയപ്പെട്ടിരുന്ന ബഹു. ജോസഫ് പുല്ലോപ്പിള്ളിയച്ചൻ, മരണത്തിന്റെ വിനാഴികയിലും ആത്മധൈര്യത്തോടെ, പ്രാർത്ഥനകൾ സൗമ്യമായി ഏറ്റുചൊല്ലി ശാന്തമായി തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ച അഴകുള്ള ആത്മാവായിരുന്നു. ക്രിസ്തുവിന്റെ കരുണയുടെ മുഖമായിരുന്ന, അദ്ദേഹം 2024, ജൂലൈ മാസം 20-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

കോതമംഗലം രൂപത, ആനിക്കാട് സെന്റ്. സെബാസ്റ്റ്യൻസ് ഇടവക പുല്ലോപ്പിള്ളിൽ പരേതനായ ശ്രീ. മത്തായിയുടേയും, ശ്രീമതി അന്നമ്മ മത്തായിയുടേയും, അഞ്ചു മക്കളിൽ നാലാമനായി 1934 ജനുവരി 14-ാം തിയതി ബഹു. ജോസഫ് പുല്ലോപ്പിള്ളിയച്ചൻ ഭൂജാതനായി. പരേതരായ ദേവസ്സ്യ, മേരിക്കുട്ടി, റവ. സി. റോമോൾഡ് CMC എന്നിവരും, FCC സന്യാസ സമൂഹത്തിലെ റവ. സി. ജോസ്‌ലിയും സഹോദരങ്ങളാണ്.

P. M. ജോസഫ് എന്ന ജോസഫ് പുല്ലോപ്പിള്ളിയച്ചൻ തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം ഒരു സന്യാസ വൈദീകനാകാനുള്ള അതീവ തീക്ഷണതയാൽ 1957 ജൂൺ മാസം 10-ാം തിയതി, ആലുവായിലുള്ള സെന്റ്. ആന്റണീസ് കൊവേന്തയിൽ യോഗാർത്ഥിയായി ചേർന്ന് സന്ന്യാസ വൈദീക പരിശീലനം ആരംഭിച്ചു. 1958 - 1959 കാലഘട്ടത്തിൽ കൂനമ്മാവിലെ സെന്റ്. ജോസഫ് കൊവേന്തയിൽ ആസ്പിരൻസി പൂർത്തിയാക്കി 1959-1960 കാലഘട്ടത്തിൽ കറുകുറ്റി ക്രിസ്തുരാജ ആശ്രമത്തിലുള്ള സെന്റ്. ലിറ്റിൽ ഫ്ളവർ നോവിഷ്യേറ്റ് ഹൗസിൽ നവസന്ന്യാസം പൂർത്തിയാക്കുകയും 1960 മെയ് മാസം 16-ാം തിയതി സഭാവസ്ത്രം സ്വീകരിക്കുകയും ആദ്യവ്രതാർപ്പണം നടത്തുകയും ചെയ്തു. തേവര സേക്രഡ് ഹാർട്ട് കോളേജിൽ നിന്ന് B.Sc സുവോളജിയിൽ ഗോൾഡ് മെഡൽ സ്വന്തമാക്കി പഠനത്തിൽ അതീവ മികവ് പ്രകടിപ്പിച്ച ജോസഫ് ശെമ്മാച്ചൻ 1963 മെയ് മാസം 16-ാം തീയതി നിത്യവ്രതത്തിലൂടെ ത്രിയേക ദൈവത്തിന് സമ്പൂർണ്ണമായി സമർപ്പിച്ചു.

ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ നിന്ന് തത്വശാസ്ത്രവും, ദൈവശാസ്ത്രവും പൂർത്തിയാക്കി 1970 മെയ് മാസം 17-ാം തിയതി എറണാകുളം - അങ്കമാലി അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ കൈവയ്പ്പു ശുശ്രൂഷ വഴിയായി പൗരോഹിത്യത്തിലേയ്ക്ക് ഉയർത്തപ്പെട്ടു. തുടർന്ന് ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ നിന്നും Post - Ordination കോഴ്സ് പൂർത്തിയാക്കി 1971 മേയ് മാസം മുതൽ കളമശ്ശേരി രാജഗിരി തിരുഹൃദയ പ്രവിശ്യയിൽ വൊക്കേഷൻ പ്രൊമോട്ടറായും, രാജഗിരി ഹൈസ്കൂൾ അദ്ധ്യാപകനായും സേവനം ആരംഭിച്ചു. 1972 - 1973 കാലഘട്ടത്തിൽ മാന്നാനം സെന്റ് ജോസഫ് ട്രയിനിംഗ് കോളേജിൽ നിന്നും B. Ed പഠനം പൂർത്തിയാക്കുകയും തുടർന്ന് കളമശ്ശേരി രാജഗിരി തിരുഹൃദയ പ്രൊവിൻഷ്യൽ ഹൗസിൽ ആയിരുന്ന് രാജഗിരി ഹൈസ്കൂളിൽ അധ്യാപനശുശ്രൂഷ തുടരുകയും ചെയ്തു. ഈ നാളുകളിൽ KCSL ന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി കുട്ടികളുടെ ആത്മീയ വളർച്ചക്കായി യത്നിച്ചു. കാരുണ്യ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ച് അവർക്കു നന്മയുടെ നല്ലപാഠം നൽകി.

തന്റെ സുദീർഘമായ അധ്യാപകശുശ്രൂഷക്കുശേഷം പുല്ലോപ്പിള്ളിയച്ചൻ 1997 മുതൽ ആലുവ സെന്റ്. ആന്റണീസ് ആശ്രമത്തിൽ താമസിച്ച്, വിവിധ പാസ്റ്ററൽ ശുശ്രൂഷകൾ ആരംഭിച്ചു. വൈദീകർക്കും, സിസ്റ്റേഴ്സിനും, സെമിനാരി വിദ്യാർത്ഥികൾക്കും, അൽമായർക്കും ആത്മീയ ഉപദേഷ്ടാവായും, ധ്യാനഗുരുവായും ശുശ്രൂഷകൾ ചെയ്തു. വി. ജോൺ മരിയ വിയാനിയെപ്പോലെ കുമ്പസാരക്കൂട്ടിലെ നിറസാന്നിധ്യമായിരുന്ന്, കുമ്പസാരക്കൂട് സ്വർഗ്ഗത്തിലേയ്ക്കുള്ള കവാടമാക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന അദ്ദേഹം, 'ആലുവായിലെ വിയാനി' എന്ന് അറിയപ്പെട്ടു. സാധാരണക്കാരെ നെഞ്ചോടു ചേർത്ത്, അവർക്കൊപ്പം നടന്ന്, അവരുടെ ഹൃദയങ്ങളിൽ ഇടം നേടിയ, ആടുകളുടെ മണമുള്ള നല്ല ഇടയനായിരുന്നു പുല്ലോപ്പിള്ളിയച്ചൻ.

വി.പത്രോസ് ശ്ലീഹായുടെ വിശ്വാസവും, വി.പൗലോസ് ശ്ലീഹായുടെ തീക്ഷണതയും വി.യോഹന്നാൻ ശ്ലീഹായുടെ സ്നേഹവുംകൊണ്ട് ദൈവത്തിനും ദൈവജനത്തിനുമിടയിൽ പാലംപണിത, വന്ദ്യപുരോഹിതനായിരുന്നു പുല്ലോപ്പിള്ളിയച്ചൻ. വി.ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സമർപ്പണത്തോടെ, ഏലിയാ പ്രവാചകന്റെ ചൈതന്യത്തോടെ ദൈവഹിതം ജീവിച്ച, പൗരോഹിത്യ കടമകളോട് എന്നും അസാധാരണമായ സ്നേഹവും, ആഭിമുഖ്യവും പുലർത്തിയ, വചനം ജീവിക്കുകയും, പ്രസംഗിക്കുകയും ചെയ്ത, 'Full Time' പുരോഹിതൻ (അദ്ദേഹം എപ്പോഴും ഉപയോഗിച്ചിരുന്ന ശക്തമായ പ്രയോഗം) ആയിരുന്നു പുല്ലോപ്പിള്ളിയച്ചൻ. ദൈവജനത്തെ ആത്മീയമായി ഉണർത്തുന്ന നിരവധി ഗാനങ്ങളും പ്രാർത്ഥനകളും അദ്ദേഹം രചിച്ചിട്ടുണ്ട്.

2024 ജൂലൈ മാസം 20-ാം തീയതി വൈകിട്ട് ബഹു. പ്രൊവിൻഷ്യാളച്ചന്റെയും, സെന്റ് ആന്റണീസ് ആശ്രമ പ്രിയോരച്ചന്റേയും, സമൂഹത്തിലെ വൈദീകരുടേയും സാന്നിധ്യത്തിൽ ചുണങ്ങംവേലി രാജഗിരി ആശുപത്രിയിൽ വച്ച് രോഗീലേപനം സ്വീകരിക്കുകയും, രോഗിലേപനം നടത്തിയ പ്രൊവിൻഷ്യാളച്ചന് കരങ്ങൾ കൂപ്പി നന്ദി പറഞ്ഞതും ഹൃദയസ്പർശിയായ അനുഭവമായിരുന്നു. അന്നേ ദിവസം രാത്രി 11.10 ന് അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ഈ വന്ദ്യ പുരോഹിതന്റെ വിയോഗത്തിൽ അനുശോചനമറിയിച്ച് അഭിവന്ദ്യ പിതാക്കൻമാർ സന്ദേശങ്ങളയച്ചും, മാർ തോമസ് ചകൃത്ത്, ഛാന്ദാ രൂപതാധ്യക്ഷൻ മാർ എഫ്രേം നരികുളം, എറണാകുളം - അങ്കമാലി അതിരൂപത വികാരി ജനറാൾ ഫാ. വർഗ്ഗീസ് പൊട്ടയ്ക്കൽ എന്നിവർ നേരിട്ടും വന്ന് പ്രാർത്ഥിച്ചു. അധ്യാപകനായിരുന്ന അദ്ദേഹത്തിന്റെ വിദ്യാർത്ഥികളും, സുഹൃത്തുക്കളും, നിരവധി അൽമായരും, വൈദീകരും, സന്യസ്തരും, ആലുവ ആശ്രമത്തിൽ വന്നു പ്രാർത്ഥിക്കുകയും മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

മൃതസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം ബഹു. ആശ്രമ പ്രിയോർ പോൾ നെടുംചാലിൽ അച്ചന്റെ നേതൃത്വത്തിൽ ആശ്രമത്തിൽ വച്ച് നടത്തപ്പെട്ടു. രണ്ടാം ഭാഗം കൊച്ചി തിരുഹൃദയ പ്രവിശ്യയുടെ പ്രൊവിൻഷ്യാൾ ബഹു. ബെന്നി നൽക്കരയച്ചൻ ആശ്രമദേവാലയത്തിൽ വച്ച് നടത്തി. ഉച്ചകഴിഞ്ഞ് 2.30 ന് പ്രൊവിൻഷ്യാളച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. ജനറൽ കൗൺസിലർ ബഹു. ബിജു വടക്കേലച്ചൻ, മുവാറ്റുപ്പുഴ കാർമ്മൽ പ്രോവിൻസിന്റെ പ്രൊവിൻഷ്യാൾ ബഹു. മാത്യു മഞ്ഞകുന്നേലച്ചൻ, കുടുംബാംഗമായ ബഹു. ജോസ് പുല്ലോപ്പിള്ളിയച്ചൻ, ബഹു. പോൾ പറക്കാട്ടേലച്ചൻ, ആലുവ ആശ്രമ പ്രിയോർ ബഹു. പോൾ നെടുംചാലിൽ അച്ചൻ, ബഹു. ബെന്നി എണ്ണയ്ക്കാപ്പിള്ളിയച്ചൻ എന്നിവർ സഹകാർമ്മികരായിരുന്നു. വർഷങ്ങളോളം അച്ചനോടൊപ്പം താമസിച്ച ബഹു. ബെന്നി എണ്ണയ്ക്കാപ്പിള്ളിയച്ചനാണ് ചരമപ്രസംഗം നടത്തിയത്. മൃതസംസ്കാര കുർബാനയുടെ അവസാന ഭാഗം ആർച്ച് ബിഷപ്പ് അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി. ബഹു. പുല്ലോപ്പിള്ളിയച്ചനെ രോഗാവസ്ഥയിൽ ശുശ്രൂഷിച്ചവർക്കും മൃതസംസ്കാരകർമ്മത്തിൽ സംബന്ധിച്ചവർക്കും ബഹു. പ്രിയോർ പോൾ നെടുംചാലിലച്ചൻ നന്ദിയറിയിച്ചു.

സന്ന്യാസ പൗരോഹിത്യ ജീവിതത്തിൽ, വിട്ടു വീഴ്ചകൾ ഇല്ലാതെ, കാലത്തിന്റെ പ്രലോഭനങ്ങളോട് സമരസപ്പെടാതെ 'Full Time' പുരോഹിതരാകാനുള്ള വെല്ലുവിളി നമുക്കു മുന്നിൽ ഉയർത്തിക്കൊണ്ട് പുല്ലോപ്പിള്ളിയച്ചൻ മടങ്ങിയിരിക്കുന്നത്. ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ ആടിന്റെ മണമുള്ള നല്ല ഇടയനാകുവാനും, ക്രിസ്തുവിന്റെ കരുണയുടെ മുഖമാകാനും ഈ വിശുദ്ധ ജീവിതം നമ്മെ എന്നും പ്രചോദിപ്പിച്ചുകൊണ്ടേയിരിക്കും. മരണത്തിന് മായ്ക്കാനാവാത്ത അദ്ദേഹത്തിന്റെ വിശുദ്ധസ്മരണകൾക്കു മുൻപിൽ നമോവാകം.

ബഹു. ജോസഫ് പുല്ലോപ്പിളിയച്ചന്റെ ആത്മശാന്തിയ്ക്കായി തുടർന്നും നമുക്ക് നമ്മുടെ സഭാ നിയമമനുസരിച്ചുള്ള (D.58b) ദിവ്യബലിയും, പ്രാർത്ഥനകളും അർപ്പിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിച്ചു കൊള്ളുന്നു.

ഫാ. പോൾ നെടുംചാലിൽ CMI
പ്രിയോർ
സെന്റ്. ആന്റണീസ് മൊണാസ്റ്ററി, ആലുവ